**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2036** **11-10-2021 - ൽ മറുപടിയ്ക്ക്**

**സി-ആപ്റ്റിൽ അച്ചടി ജോലികൾക്കായുള്ള പേപ്പർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സി-ആപ്റ്റിൽ അച്ചടി ജോലികൾക്കുള്ള പേപ്പർ ഉൾപ്പെടെയുള്ള അനുബന്ധ സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ; | (എ) | സി-ആപ്റ്റിൽ അച്ചടി ജോലികൾക്കുള്ള പേപ്പർ ഉൾപ്പെടെയുള്ള അനുബന്ധ സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു. സി-ആപ്റ്റിലെ അച്ചടി ജോലികൾക്ക് ആവശ്യമായ പേപ്പറിന്റെ ഇൻഡൻറ് സ്റ്റോറിൽ ലഭ്യമായ പേപ്പറിന്റെ സ്റ്റോക്ക് കിഴിച്ച ശേഷം പ്രൊഡക്ഷൻ വിഭാഗം മെറ്റീരിയൽസ് ഡിവിഷന് ലഭ്യമാക്കും. ഇതിന്റെ അടിസ്ഥാന ത്തിൽ മെറ്റീരിയൽസ് ഡിവിഷൻ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ച് പേപ്പർ മില്ലുകൾ, പ്രമുഖരായ പേപ്പർ ഡീലേഴ്സ് എന്നിവരിൽ നിന്ന് ആവശ്യമായ പേപ്പർ വാങ്ങുന്നതി നുള്ള (പേപ്പർ സാമ്പിൾ ഉൾപ്പെടെ) ടെണ്ടർ/ഇ-ടെണ്ടർ ക്ഷണിക്കുന്നു. ടെണ്ടർ/ഇ-ടെണ്ടർ നോട്ടിഫിക്കേഷൻ പ്രമുഖ പത്രങ്ങളിൽ വ്യാപകമായി പ്രസിദ്ധീകരിക്കുന്നു. ഇതിനു പുറമെ, സി-ആപ്റ്റിന്റെ വെബ് സൈറ്റിലും ടെണ്ടർ വിവരങ്ങൾ ലഭ്യമാക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ടെണ്ടറുകളും പേപ്പർ സാമ്പിളുകളും അസി. ഡയറക്ടർ (ഫിനാൻസ്) ചെയർമാനും പ്രൊഡക്ഷൻ, സ്റ്റോർ, മെറ്റീരിയൽസ് എന്നിവയിലെ ഉദ്യോസ്ഥർ അംഗ ങ്ങളുമായ ഇന്റേണൽ പർച്ചേസ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു. പ്രസ്തുത കമ്മിറ്റി ടെണ്ടറുകൾ സൂക്ഷ്മമായി പരിശോധിക്കുകയും ക്വാളിറ്റി പരിശോധനയ്ക്ക് നിയുക്ത രായ പ്രൊഡക്ഷൻ ഡിവിഷനിലെ ഉദ്യോഗസ്ഥരുടെ സാങ്കേതിക നിർദ്ദേശം കൂടി കണക്കിലെടുത്തും ഏറ്റവും കുറഞ്ഞ റേറ്റ് തുക (L 1) ക്വാട്ട് ചെയ്ത പേപ്പർ മില്ലുകൾ, പ്രമുഖരായ പേപ്പർ ഡീലേഴ്സ് എന്നിവരിൽ നിന്നും പേപ്പർ വാങ്ങുന്നതിനുള്ള ശുപാർശ നൽകും. ഈ ശുപാർശയുടെ അടി സ്ഥാന ത്തിൽ സെൻറർ പേപ്പർ വാങ്ങുന്ന തിനുള്ള ഓർഡർ ഏറ്റവും കുറഞ്ഞ റേറ്റ് തുക (L 1) ക്വാട്ട് ചെയ്ത കമ്പനിക്ക് നൽകുന്നു. പ്രസ്തുത പേപ്പർ സെന്ററിൽ ലഭിച്ച ശേഷം പേപ്പറിന്റെ |

| | | | |
|---|---|---|---|
| | | | ഗുണനിലവാരം പരിശോധിക്കുന്നതിന് നിയുക്തരായവരുടെ ശുപാർശ യുടെയും ഇൻവോയിസിന്മേലുള്ള സർട്ടിഫിക്കേഷന്റെയും അടിസ്ഥാന ത്തിൽ സെന്ററിന്റെ സാമ്പത്തിക ലഭ്യതയനുസരിച്ച് പേപ്പർ സ്പ്ലൈ ചെയ്ത കമ്പനിക്ക് തുക നൽകുന്നു. |
| (ബി) | പേപ്പർ ഉൽപാദിപ്പിക്കുന്ന കമ്പനികളിൽ നിന്നും നേരിട്ട് വാങ്ങാറുണ്ടോ; ഇല്ലെങ്കിൽ മറ്റ് സബ് ഏജൻസികളിൽ നിന്നും ഉയർന്ന നിരക്കിൽ പേപ്പർ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ; | (ബി) | സെന്റർ പേപ്പർ വാങ്ങുവാൻ ടെണ്ടർ ക്ഷണിക്കുന്നത് പേപ്പർ മില്ലുകൾ, പ്രമുഖരായ പേപ്പർ ഡീലേഴ്സ് എന്നിവ രിൽ നിന്നുമാണ്. സ്റ്റോർ പർച്ചേഴ്സ് ചട്ടങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടു തന്നെയാണ് പേപ്പർ വാങ്ങുന്നത്. ആയതിനാൽ, ഇതുവരെ ഉയർന്ന നിരക്കിൽ പേപ്പർ വാങ്ങിയിട്ടില്ല. |
| (സി) | 2021 മാർച്ച് 1 മുതൽ സെപ്റ്റംബർ 15 വരെ ഏതൊക്കെ ഏജൻസികളിൽ നിന്നും ഇപ്രകാരം പേപ്പർ വാങ്ങിയിട്ടുണ്ടെന്നും ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | സി-ആപ്റ്റിൽ വാങ്ങുന്ന വിവിധതരം പേപ്പറുകൾ അച്ചടി ജോലികൾക്ക് അനുയോജ്യമാണ് എന്ന് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക പദവിയും വിദ്യാഭ്യാസ യോഗ്യതയും വ്യക്തമാക്കുമോ? | (ഡി) | സി-ആപ്റ്റിൽ വാങ്ങുന്ന വിവിധ തരം പേപ്പറുകൾ അച്ചടിജോലികൾക്ക് അനുയോജ്യമാണ് എന്ന് സർട്ടിഫൈ ചെയ്യുന്നത് താഴെപ്പറയുന്ന വ്യക്തികളാണ്. 1. ശ്രീ. വർഗ്ഗീസ് കോശി, പ്രൊഡക്ഷൻ പ്ലാനിംഗ് സൂപ്പർ വൈസർ, ഡിപ്ലോമ ഇൻ പ്രിൻറിംഗ് ടെക്നോളജി. 2. ശ്രീ. സുനിൽകുമാർ കെ., പ്രൊഡക്ഷൻ പ്ലാനിംഗ് സൂപ്പർ വൈസർ, ഡിപ്ലോമ ഇൻ പ്രിൻറിംഗ് ടെക്നോളജി. |

സെക്ഷൻ ഓഫീസർ

Annexure

**Reply for 2036 C LA**

**Paper purchased from 01.03.2021 to 15.09.2021**

| Sl.NO. | Items | Qty | Unit | Amt | Firm |
|---|---|---|---|---|---|
| 1 | 70 gsm Maplitho DD | 30 | Ream | 39,600 | M/s Premier Paper Distributors, Tvpm |
| 2 | 80 gsm 76cm Reel Paper | 205 | MT | 1,57,31,700 | M/s Premier Paper Distributors, Tvpm |
| 3 | 220 gsm White Card | 270000 | Nos | 17,55,000 | M/s Navnit Brothers, Mumbai |
| 4 | 80 gsm Maplitho D/Cr | 300 | Ream | 3,58,200 | M/s Premier Paper Distributors, Tvpm |
| 5 | 170 gsm Art paper | 30 | Ream | 1,78,650 | M/s Premier Paper Distributors, Tvpm |
| 6 | 70 gsm DD Paper | 100 | Ream | 1,41,000 | M/s Premier Paper Distributors, Tvpm |
| 7 | 75 gsm A3 Copier Paper | 230 | Ream | 88,320 | M/s Premier Paper Distributors, Tvpm |
| 8 | 70 gsm DD Paper | 100 | Ream | 1,35,600 | M/s Premier Paper Distributors, Tvpm |
| 9 | 100 gsm D/Cr Art paper | 137 | Ream | 2,65,917 | M/s Premier Paper Distributors, Tvpm |
| 10 | 80 gsm 76cm Reel Paper | 90 | MT | 62,91,000 | M/s Premier Paper Distributors, Tvpm |
| 11 | 75 gsm A3 Copier Paper | 250 | Ream | 98,250 | M/s Premier Paper Distributors, Tvpm |
| 12 | 140 gsm 31.5 cm Braille Paper | 6 | MT | 4,68,000 | M/s Premier Paper Distributors, Tvpm |
| 13 | 70 gsm DD OBA Free Paper | 7800 | Ream | 1,02,25,800 | M/s Premier Paper Distributors, Tvpm |
| | | | | **3,57,77,037** | |

SO(N)

സെക്ഷൻ ഓഫീസർ